DESPATCHED On. 20/2/2020

29.1.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **AP 3144(6)2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.19129/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. നാസറുദ്ദീൻ,
തൊടിയിൽ വീട്,
പാലത്തറചേരി, തട്ടാമല പി.ഒ.,
തഴുത്തല വില്ലേജ്, കൊല്ലം –691 020. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വാല്യൂവേഷൻ അസിസ്റ്റന്റ്,
ദേശീയപാത പൊന്നുംവില സ്പെഷ്യൽ
തഹസിൽദാരുടെ കാര്യാലയം (എൽ.എ.എൻ.എച്ച്),
സിവിൽ സ്റ്റേഷൻ, കൊല്ലം.
2. അപ്പീൽ അധികാരി &
സ്പെഷ്യൽ തഹസിൽദാർ,
ദേശീയപാത പൊന്നുംവില സ്പെഷ്യൽ
തഹസിൽദാരുടെ കാര്യാലയം (എൽ.എ.എൻ.എച്ച്),
സിവിൽ സ്റ്റേഷൻ, കൊല്ലം. — എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.9.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.10.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.11.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.12.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 19.12.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 7.1.2016, 20.8.2016, 17.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 25.8.2016, 25.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. നാസറുദ്ദീൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ഫയൽ കണ്ട് കിട്ടിയില്ല എന്ന മറുപടിയാണ് ഒന്നാം എതിർകക്ഷി

നൽകിയത് എന്നും ആയത് തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ അപ്പീൽ തീർപ്പാക്കൽ സമയപരിധി കഴിഞ്ഞിട്ടും മറുപടി ഒന്നും ലഭിച്ചിട്ടില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, കൊല്ലം താലൂക്കിലെ തഴുത്തല വില്ലേജിൽ സർവ്വെ നമ്പർ 7203/ബി3 ൽപ്പെട്ട 04.05 ആർസ് വസ്തു നാഷണൽ ഹൈവേ ബൈപ്പാസ് നിർമ്മാണത്തിനായി 1988–1989 കാലഘട്ടത്തിൽ പൊന്നും വിലക്ക് എടുത്തിരുന്നു എന്നും ആയതു സംബന്ധിച്ച് നൽകിയ വില അപര്യാപ്തമായതിനാൽ എൽ.എ ആകട് 28(എ) വകുപ്പ് പ്രകാരം 14.8.2008–ൽ കൊല്ലം ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ആയതു സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്.

i ടിയാൻ 14.8.2008 തീയതി എൽ.എ ആക്ട് 28.എ വകുപ്പു പ്രകാരം സമർപ്പിച്ച അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചു എന്നും

ii ടിയാന്റെ അപേക്ഷ എൽ.എ നമ്പർ 7 – 42935/2008–ൽ 8.9.2008–ാം തീയതി സ്പെഷ്യൽ തഹസിൽദാർക്ക് അയച്ചു കൊടുത്തിട്ടുള്ളതായി അറിയുന്നു എന്നും മേൽപ്പടി അപേക്ഷ 1436/2008 സി–എന്ന സീറ്റിൽ കിട്ടിയിട്ടുള്ളതാണെന്നും മേൽപ്പടി അപേക്ഷയുടെ പൂർണ്ണ വിവരങ്ങൾ നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, മേൽപ്പടി ഓഫീസിൽ പുനരുദ്ധീകരണ പ്രവർത്തനങ്ങൾ നടന്നതിനാൽ പല ഫയലുകൾക്കും സ്ഥാനഭ്രംശം സംഭവിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയൽ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമം നടന്നു വരികയാണെന്നും ഫയൽ കണ്ടെത്തുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നും എൽ.എ ആക്ട് സെക്ഷൻ 28 എ പ്രകാരമുള്ള അപേക്ഷയുടെ ഫയൽ അടിയന്തിരമായി കണ്ടെത്തി മേൽ നടപടികൾ സ്വീകരിക്കണമെന്നുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 2008–ൽ സമർപ്പിച്ച എൽ.എ നമ്പർ 7–42935/2008–ാം നമ്പർ അപേക്ഷ 8.9.2008 തീയതി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും ദേശീയപാതാ പൊന്നുംവില സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിലേക്ക് അയച്ചു നൽകിയിരുന്നു എന്നു ആയത് എതിർകക്ഷി ഓഫീസിലെ സി–സീറ്റിൽ 1436/2008–ാം നമ്പരായി സ്വീകരിച്ചിട്ടുള്ളതായി കണ്ടെത്തി എന്നും അവാർഡ് കക്ഷിയായ ശ്രീ. സലീം 15.7.2001 ൽ മരണപ്പെട്ടു പോയിട്ടുള്ളതാണെന്നും 21.3.1989 ൽ പാസ്സാക്കിയ അവാർഡു തുക കൈപ്പറ്റുന്നതിലേക്കാണ് ടിയാന്റെ സഹോദരനായ ഹർജിക്കാരന് മുക്ത്യാർ നൽകിയിരുന്നതെന്നും എന്നാൽ 15.7.2001 ൽ ശ്രീ.സലീമിന്റെ പേരിലുള്ള 28എ അവാർഡിനാണ് ഹർജിക്കാരൻ 14.8.2008–ൽ 28എ പ്രകാരം അപേക്ഷ നൽകിയിരുന്നത് എന്നും മേൽപ്പടി മുക്ത്യാർ ഹാജരാക്കുവാനായി 8.6.2009–ൽ ഹർജിക്കാരന് കത്ത് നൽകിയിരുന്നു എന്നും എന്നാൽ ടിയാൻ മുക്ത്യാർ ഹാജരാക്കാത്തതിനാൽ 15.8.2009–ൽ ഹർജിക്കാരന്റെ അപേക്ഷ നിരസിച്ച് കത്ത് നൽകിയിട്ടുള്ളതാണെന്നും 18.8.2009 ൽ മേൽപ്പടി ഫയൽ കെ.ഡിസ്.സി–1434/09 ആയി തീർപ്പാക്കിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ എൽ.എ ആക്ട് സെക്ഷൻ 28 എ പ്രകാരമുള്ള അപേക്ഷയാണ് സമർപ്പിച്ചിരുന്നത് എന്നും മേൽപ്പടി അപേക്ഷയുമായി ബന്ധപ്പെട്ട് പരാമർശിത വസ്തുവിന്മേൽ ഹർജിക്കാരനുള്ള അവകാശം തെളിയിക്കുന്ന മുക്ത്യാർ ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കാത്തതിനാൽ ഹർജിക്കാരന്റെ അപേക്ഷ നിരസിച്ചു ഉത്തരവായിട്ടുള്ളതാണെന്നും ആയത് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും കാണുന്നു.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ നിന്നും വ്യക്തമായി ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നു കാണുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 29–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk